ഭരണഭാഷ - മാതൃഭാഷ

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം,**
**തിരുവനന്തപുരം**

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- ജീവനക്കാര്യം -ശ്രീ. അനന്തൻ.പി, ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ചുമാൻ ക്രമവിരുദ്ധമായി അനുവദിച്ച രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് പുനഃക്രമീകരിച്ചും മൂന്നാം സമയബന്ധിത ഹയർഗ്രേഡ് (22 വർഷം) അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം :- 1. മുഖ്യനഗരാസൂത്രകന്റെ 02/09/1999-ലെഎ 2/5050/99 നമ്പർ ഉത്തരവ്
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28/04/2008-ലെ എ 5/1274/08/കെഡിസ് നമ്പർ ഉത്തരവ്.
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25/11/2014 ലെ A1/9858/2014/KDIs നമ്പർ ഉത്തരവ്.
4. കോഴിക്കോട് ജില്ലാ ടൗൺപ്ലാനറുടെ 10/01/2021-ലെ TCPKZD/433/2021-A നമ്പർ കത്ത്.
5. ജി.ഒ.(പി)നം.27/2021/ധന, തീയതി: 10/02/2021

---

എസ്റ്റാബ്ലിഷ് മെന്റ് സെക്ഷൻ

ഉത്തരവ് നം. TCPCTP/2326/2021-A6 (1) തീയതി : **18/04/2022**

---

## ഉത്തരവ്

ശ്രീ. അനന്തൻ.പി, പരാമർശം (1) പ്രകാരം കോഴിക്കോട് നഗരാസൂത്രകന്റെ കാര്യാലയത്തിൽ 16/08/1999 പൂർവ്വാഹ്നം ചെയിൻമാൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടി തസ്തികയിൽ 8 വർഷത്തെ തുടർച്ചയായ സേവനത്തിന് ടിയാൾക്ക് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് നൽകിയും, പരാമർശം (3) ഉത്തരവ് പ്രകാരം ടി തസ്തികയിൽ പതിനഞ്ചു വർഷത്തെ തുടർച്ചയായ സേവനത്തിനു ടിയാൾക്ക് 16/08/2014 പൂർവ്വാഹ്നം മുതൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ശ്രീ .അനന്തൻ.പി, ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/ വാച്ച്മാൻ വികലാംഗരായ ജീവനക്കാർക്ക് സ്ഥിര നിയമനം നൽകുന്ന സർക്കാർ പദ്ധതി പ്രകാരം നിയമിതനായ വ്യക്തിയാണ്. ടിയാൻ 16/08/1999-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. എന്നാൽ 13/10/1999 ലെ G.O(P) No. 18/99/P&ARD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടി ഉത്തരവ് തീയതിയായ 13/10/1999 പ്രാബല്യത്തിലാണ് ടിയാന്റെ നിയമനം 18/08/2001 ലെ A5/5050/99/R. dis നമ്പർ ഉത്തരവ് പ്രകാരം ക്രമീകരിച്ചിട്ടുള്ളത്. മാത്രമല്ല പ്രസ്തുത തീയതി മുതൽ കണക്കാക്കി 13.10.2000 തീയതിയിലാണ് ടിയാന്റെ നിരീക്ഷണകാലം

File No.TCPCTP/2326/2021-A6

പ്രഖ്യാപിച്ചിട്ടുള്ളത്. 16/08/1999 മുതൽ 12/10/1999 വരെയുള്ള സേവന കാലം ഇൻക്രിമെന്റിന് പരിഗണിച്ചിട്ടുമില്ല. ആകയാൽ മേൽ കാലയളവ് ഗ്രേഡിന് യോഗ്യമായ സേവനകാലമല്ല എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ക്രമവത്കരിക്കപ്പെടാത്ത സേവനകാലവും കൂടി കണക്കിലെടുത്ത 16/08/2014 തീയതി പ്രാബല്യത്തിൽ ക്രമവിരുദ്ധമായി രണ്ടാമത് സമയ ബന്ധിത ഹയർ അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്യും ആയത് 13/10/2014 തീയതി പ്രാബല്യത്തിൽ **₹ 8960–14260 /** -രൂപ ശമ്പള സ്കെയിലിൽ അനുവദിച്ചും ഉത്തരവാകുന്നു.

തുടർന്ന് ടിയാൻ 12/10/2021 അപരാഹ്നം 22 വർഷത്തെ സേവനം പൂർത്തിയാക്കിയ സാഹചര്യത്തിൽ ആയതിനുള്ള മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് 13/10/2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ **₹ 26500–60700 /** -രൂപ ശമ്പള സ്കെയിലിൽ അനുവദിച്ച് കൂടി ഉത്തരവാകുന്നു.

Signature valid
Digitally signed by ASEEM A
Date: 2022.04.18 13:06:04 IST
Reason: Approved

**അസീം.എ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ. അനന്തൻ.പി, ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ച്മാൻ ,കോഴിക്കോട് ജില്ലാനഗരാസൂത്രകന്റെ കാര്യാലയം (മേലധികാരി മുഖേന)

പകർപ്പ് :- 1. സേവനപുസ്തകം
2. നഗരാസൂത്രകൻ, കോഴിക്കോട് ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

*SR11042022*